**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 401** **01-11-2021 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിലെ ഇ-സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ എം എസ് അരുൺ കുമാർ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ഇ-സേവനങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന ഭൂരിപക്ഷം സേവനങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ട്. www.eemployment.kerala.gov.in എന്ന വെബ്സൈറ്റ് വഴി രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ സേവനങ്ങളാണ് നൽകി വരുന്നത്. |
| (ബി) | ട്രൈബൽ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡവലപ്മെന്റ് സെന്റർ, ഭിന്നശേഷി സൗഹൃദ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് എന്നിവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | വിലയിരുത്തിയിട്ടുണ്ട്; ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഏറെ നേട്ടങ്ങൾ കൈവരിക്കുന്നതിനും വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുമായി പട്ടികജാതി/ പട്ടികവർഗ വിഭാഗങ്ങളിലെ അഭ്യസ്ത വിദ്യരായ തൊഴിലന്വേഷകർക്കും വിദ്യാർത്ഥികൾക്കും മുൻതൂക്കം നൽകിക്കൊണ്ട് ഉചിതമായ തൊഴിൽ മാർഗ്ഗനിർദ്ദേശങ്ങളിലൂടെയും, മികച്ച നിലവാരത്തിലുള്ള മത്സരപരീക്ഷാ പരിശീലനങ്ങളിലൂടെയും സംരംഭകത്വ പരിശീലനങ്ങളിലൂടെയും മൃദു നൈപുണ്യ പരിശീലനങ്ങളിലൂടെയും പൊതു സ്വകാര്യ മേഖലയിലെ വിവിധ തൊഴിലുകൾക്കു പ്രാപ്തരാക്കി ഈ വിഭാഗങ്ങളിലെ തൊഴിൽരഹിതരെ പൊതു വികസന ധാരയിലേക്ക് കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡവലപ്മെന്റ് സെന്റർ മുഖേന നടപ്പിലാക്കി വരുന്നു. ഭിന്നശേഷി സൗഹൃദ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, വിവിധ മത്സരപരീക്ഷകൾക്ക് തയാറെടുക്കുന്ന തിനുള്ള പരിശീലന പരിപാടികൾ, കൈവല്യ പദ്ധതി മുഖേന ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്കായി 'പലിശരഹിത വായ്പ |

| | | | |
|---|---|---|---|
| | | | നൽകൽ' തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, ഭിന്ന ശേഷിക്കാരുടെ കഴിവിനും അഭിരുചിയ്ക്കും ഇണങ്ങും വിധമുള്ള പരിശീലന പരിപാടികളും പരിശീലനം സിദ്ധിച്ച സംരംഭങ്ങളിലൂടെ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനവും സംഘടിപ്പിച്ചു വരുന്നു. |
| (സി) | എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളുടെ ഭാഗമായി തൊഴിൽ മാർഗ്ഗ നിർദ്ദേശ വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ ഭാഗമായി തൊഴിൽ മാർഗ്ഗനിർദ്ദേശ വിഭാഗമായി കരിയർ ഡവലപ്മെന്റ് സെന്ററുകൾ, എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്റർ, വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ എന്നിവ പ്രവർത്തിക്കുന്നു. ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരെ ഉദ്ദേശിച്ചു കൊണ്ട് എംപ്ലോയ്മെന്റ് വകുപ്പ് മുഖേന ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടു കൂടി എംപ്ലോയ്മെന്റ് വകുപ്പ് മുഖേന ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിൽ അന്വേഷകർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് മോഡൽ കരിയർ സെന്റർ. |

സെക്ഷൻ ഓഫീസർ